**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഫെസിലിറ്റേറ്റർ എന്ന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ ഏകാദ്ധ്യാപകരായി ജോലി ചെയ്തു വന്നിരുന്നതും എന്നാൽ ഇപ്പോൾ ഫെസിലിറ്റേറ്റർ എന്ന തസ്തികയിൽ ജോലി ചെയ്തു വരുന്നവരുമായ എത്ര ജീവനക്കാർ സംസ്ഥാനത്ത് നിലവിലുണ്ട്; ജില്ലാ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഏകാദ്ധ്യാപകരായി ജോലി ചെയ്തു വന്നിരുന്നതും എന്നാൽ ഇപ്പോൾ ഫെസിലിറ്റേറ്റർ എന്ന തസ്തികയിൽ ജോലി ചെയ്തു വരുന്നവരുമായ 12 ജീവനക്കാർ ഇടുക്കി ജില്ലയിൽ നിലവിലുണ്ട്. |
| (ബി) | ഇതേ തസ്തികയ്ക്ക് സമാനമായി വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ജോലി ചെയ്തിരുന്ന ജിവനക്കാരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേ രീതിയിൽ പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ ഉള്ള ജീവനക്കാരുടെ സ്ഥിരനിയമനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്ററുകൾ (ഏക അധ്യാപക വിദ്യാലയങ്ങൾ) GO (Ms)No. 57/2021/Gedn തീയതി, 12.02.2021 പ്രകാരം നിർത്തലാക്കുകയും, ടി സെന്ററുകളിൽ കരാർ അടിസ്ഥാനത്തിൽ 10 വർഷത്തിലധികമായി ജോലി നോക്കിയിരുന്ന വിദ്യാവോളന്റിയർമാരെ അവരുടെ താല്പര്യത്തിന്റെയും സമ്മതപത്രത്തിന്റെയും അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ FTM/PTCM തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഉള്ള ജീവനക്കാരെ മോഡൽ പ്രീ-സ്കൂളുകളുടെ ഭാഗമാക്കുകയും പട്ടികവർഗ്ഗ വികസന വകുപ്പ് ഇവരുടെ വേതനം പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി.. |

സെക്ഷൻ ഓഫീസർ